15 -ാം കേരള നിയമസഭ

11 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4411 — 01-07-2024 - ൽ മറുപടിയ്ക്ക്

## വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖല സ്ഥാപനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിച്ചിരുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ ഏതെങ്കിലും സ്ഥാപനം അടച്ചുപൂട്ടിയിട്ടുണ്ടോ; അവ ഏതെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ സംസ്ഥാനത്ത് വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിച്ചിരുന്ന പൊതുമേഖലാ സ്ഥാപനങ്ങളൊന്നും അടച്ചു പൂട്ടിയിട്ടില്ല. |
| (ബി) | 2023-24-ലെ സി. ആൻഡ് എ.ജി.യുടെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖല സ്ഥാപനങ്ങളിൽ ലാഭത്തിലുള്ളവ ഏതെല്ലാമാണെന്നും അവയുടെ ലാഭം എത്രയാണെന്നും വ്യക്തമാക്കാമോ; | (ബി) | 2023-24 സാമ്പത്തിക വർഷത്തെ സി.ആൻഡ് എ.ജിയുടെ പൊതുമേഖലകളുടെ ലാഭ നഷ്ട കണക്കുകൾ പ്രതിപാദിക്കുന്ന കമേഴ്സ്യൽ ആഡിറ്റ് റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടില്ല. |
| (സി) | പ്രസ്തുത ഓഡിറ്റ് റിപ്പോർട്ട് പ്രകാരം വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖല സ്ഥാപനങ്ങളിൽ നഷ്ടത്തിലുള്ളവ ഏതെല്ലാമാണെന്നും അവയുടെ നഷ്ടം എത്രയാണെന്നും വ്യക്തമാക്കാമോ; | (സി) | 2023-24 സാമ്പത്തിക വർഷത്തെ സി.ആൻഡ് എ.ജിയുടെ പൊതുമേഖലകളുടെ ലാഭ നഷ്ട കണക്കുകൾ പ്രതിപാദിക്കുന്ന കമേഴ്സ്യൽ ആഡിറ്റ് റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടില്ല. |
| (ഡി) | ജീവനക്കാരുടെ ശമ്പളം കുടിശികയാക്കിയിട്ടുള്ള പൊതുമേഖല സ്ഥാപനങ്ങൾ ഏതെല്ലാമാണെന്നും പ്രസ്തുത സ്ഥാപനങ്ങളിൽ എത്ര മാസത്തെ ശമ്പളം കുടിശികയാണെന്നുമുള്ള വിവരം സ്ഥാപനം തിരിച്ച് ലഭ്യമാക്കാമോ? | (ഡി) | വിപണിയിൽ നിന്നും നേരിടുന്ന കടുത്ത മത്സരത്തിന്റെ ഭാഗമായി വിപണനത്തിന്റെയും/സേവനങ്ങൾ നല്കിയതിന്റെയും ഭാഗമായി കമ്പനികൾക്ക് ലഭിക്കേണ്ട തുകയിൽ കാലതാമസം നേരിടുന്നതിനാൽ കൃത്യമായ തീയതിയിൽ ശമ്പളം നൽകുന്നതിന് ചില പൊതുമേഖലാ സ്ഥാപനങ്ങളിൽ താമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽസ് കോർപറേഷൻ ലിമിറ്റഡിന്റെ കീഴിലുള്ള എടരിക്കോട് യൂണിറ്റ്, കോട്ടയം ടെക്സ്റ്റയിൽസ് എന്നീ രണ്ട് യൂണിറ്റുകൾ, സീതാറാം ടെക്സ്റ്റൈൽസ് ലിമിറ്റഡ്, തൃശ്ശൂർ കോപ്പറേറ്റീവ് സ്പിന്നിങ് മിൽസ് ലിമിറ്റഡ്, മലബാർ കോപ്പറേറ്റീവ് സ്പിന്നിങ് മിൽസ് ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഹാൻഡ്ലൂം ഡെവലപ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡ്, കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ്, ആട്ടോകാസ്റ്റ് ലിമിറ്റഡ്, ട്രാവൻകൂർ സിമൻറ്സ് ലിമിറ്റഡ്, കേരള സ്റ്റേറ്റ് ബാംബൂ കോർപറേഷൻ |

| | | | |
|---|---|---|---|
| | | | ലിമിറ്റഡ്, ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളിലാണ് ജീവനക്കാരുടെ ശമ്പളം യഥാസമയം നൽകുന്നതിന് ബുദ്ധിമുട്ട് നേരിടുന്നത് സ്ഥാപനം തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ കൃത്യമായ തീയതിയിൽ ശമ്പളം നൽകുന്നതിന് കാലതാമസം നേരിടുന്ന സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർത്തിരിക്കുന്നു.

| Sl. No | Name of PSU | Remarks |
|---|---|---|
| 1 | Kerala Automobiles Ltd | Salary is pending from Nov 2023 (7 months). Currently paying Salary against previous months dues |
| 2 | Autokast Ltd | Salary were not paid for the month of February 2024 and March 2024. |
| 3 | Kerala State Textile Corporation Ltd | Edarikode unit (From 18-12-2023), and Kottayam Textiles (from 23-12-2023) are under Lay off.<br><br>Salary payment of Edarikkode unit pending from Nov 2023<br><br>Kottayam Textiles unit -pending from December 23 for staff & Feb 24 for workers |
| 4 | Sitaram Textiles Ltd | Salary for July-September 2023 & May 2024 not paid |
| 5 | The Trichur Co-operative Spinning Mills Ltd | Lay off (from 06-02-2023). Pending since February 2023 |
| 6 | The Malabar Co-operative Textiles Ltd (MALCOTEX) | Pending since September 2023 (partial payment done) |
| 7 | Kerala State Bamboo Corporation Ltd. | Pending for 11 months (Made part salary based on availability of fund) |
| 8 | Kerala State Handloom Development Corporation Ltd | Salary of employees pending since March 2024.<br>Wages of weavers pending since January 2024. |
| 9 | The Travancore Cements Ltd | Pending for 8 months (From October 2023, partial payment made based on fund availability) |
| 10 | Traco Cable Company Ltd | Pending salary for 9.5 months for Officers and for 7.5 months for Workers |

Data as on 25-06-2024.

സെക്ഷൻ ഓഫീസർ